യു.പി

കൂട

സർഗാത്മക ചിത്രീകരണം

# പ്രവർത്തനം 2

## ചിത്രം വിചിത്രം

ചാറ്റൽ മഴയുള്ള ഒരു ദിവസം മധ്യവയസ്കയായ ഒരമ്മയും അവരുടെ 10–12 വയസ്സുള്ള മകനും നാട്ടിൻപുറത്തെ ഒരു ഭേദപ്പെട്ട ഹോട്ടലിൽ കയറി ഒരു മേശയ്ക്കരികിൽ സ്ഥാനം പിടിച്ചു. ഏതോ നാട്ടിൽ നിന്ന് ഇവിടെ നാടുകാണാനെത്തിയതാണ്. "എന്തു വേണം" എന്നു ചോദിച്ചെത്തിയ വെയ്റ്ററോട് സ്ത്രീ പറഞ്ഞു " **ദ്വായ് സൂമാ ദ്വായ് സൂമാ** " . പാവം വെയ്റ്റർ മിഴിച്ചു നിന്നു. ഉടനെ കുട്ടി അവന്റെ ബാഗ് തുറന്ന് നോട്ട്ബുക്കും പേനയും എടുത്ത് ഒരു ചിത്രം വരച്ചു കാണിച്ചു.

**ഈ പ്രവർത്തനത്തിന്റെ വിശദീകരണ വീഡിയോ കാണാം**



അറിയാം നിറയാം ഉയരാം

യുറീക്ക-ശാസ്ത്രകേരളം

വിജ്ഞാനോത്സവം

# യു.പി



# പ്രവർത്തനം 2

## കൂട

### സർഗാത്മക ചിത്രീകരണം

(ചിത്രം 1

കമിഴ്ത്തി വെച്ച കിണ്ണം പോലെ താഴേക്ക് ഒരു കാലും. വെയ്റ്റർ പറഞ്ഞു " ഓ മനസ്സിലായി. മഴ ശല്യായി ഇല്ലേ? അല്പം പഴേത് ഒന്നുണ്ട്. " അയാൾ ഒരു പഴയ കുടയുമായി വന്നു. അമ്മ പറഞ്ഞു " **നിയാ നിയാ** ". അമ്മയും മോനും ചിരിയോടു ചിരി. കുട്ടി വീണ്ടും പടം വരച്ചു. കമഴ്ത്തി വെച്ച കിണ്ണത്തിന് മുകൾ ഭാഗത്ത് ഒരു മൊട്ട്. കാലിന്റെ അടി ഭാഗത്തിന് നല്ല വണ്ണം .

## യു.പി

## കൂട

### സർഗാത്മക ചിത്രീകരണം



# പ്രവർത്തനം 2

ചിത്രം 2

വെയ്റ്റർക്ക് സാധനം മനസ്സിലായി. അയാൾ സങ്കടത്തോടെ 'ഇല്ല' എന്ന അർഥത്തിൽ തല കുലുക്കി. എന്നിട്ടയാൾ കുട്ടിയുടെ നോട്ടു പുസ്തകം വാങ്ങി ആ കടയിൽ കിട്ടുന്ന സാധനങ്ങളുടെ ചിത്രം വരച്ചു. അതിൽ **4 ഇനം പഴങ്ങളും 4 ഇനം പലഹാരങ്ങളും ഉണ്ടായിരുന്നു.** കൂടാതെ രണ്ടു ജീവികളുടെ ചിത്രങ്ങളും – ഒന്ന് കരയിലും ഒന്ന് വെള്ളത്തിലും ജീവിക്കുന്നത്.



അറിയാം
നിറയാം
ഉയരാം



യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം

## യു.പി

**കൂട**

സർഗാത്മക ചിത്രീകരണം



# പ്രവർത്തനം 2

ചിത്രം 3

അമ്മയും മകനും എല്ലാ ഇനങ്ങളിൽ നിന്നും ഓരോന്ന് തിരഞ്ഞെടുത്തു.

**അവർ വരച്ച ചിത്രങ്ങൾ ഒന്നു വരച്ച് കഥ പൂർത്തിയാക്കൂ. ചിത്രങ്ങൾ സൂക്ഷിച്ച് വെക്കണം.**

